I/68065/2024

മേലെഴുത്ത് നമ്പർ. EC5/15602/23/DTE തീയതി, 20-02-2024

19-01-2024 ലെ സ.ഉ.(സാധാ)നം.102/2024/HEDN നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും തുടർനടപടികൾക്കുമായി ഉള്ളടക്കം ചെയ്യുന്നു.

Sunil Kumar C V

SENIOR ADMINISTRATIVE OFFICER

സ.ഉ.(സാധാ) നം.102/2024/HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

OFFICE OF THE ... OF TECHNICAL EDUCATION
22 JAN 2024

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - വിവിധ സർക്കാർ പോളിടെക്നിക് കോളേജിലേക്കു വകുപ്പ് മേധാവി തസ്തികയിലെ സ്ഥലമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ) നം.102/2024/HEDN തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:-

1. തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ ശ്രീ.ബൈജു ജി.എസ് ഫയൽ ചെയ്തിരുന്ന ഒ.എ.1012/2022 ഹർജിയിലെ 16.06.2023 തീയതിയിലെ ഉത്തരവ് .
2. 25.09.2023 തീയതിയിലെ സ.ഉ(സാധാ) 1417/2023/ഉ.വി.വ .
3. ശ്രീ.അജിത് കുമാർ ഫയൽ ചെയ്തിരുന്ന ഒ.എ.1722/2023 ഹർജിയിൽ 13.11.2023 തീയതിയിലെ ഇടക്കാല ഉത്തരവ്.
4. 17.11.2023 തീയതിയിലെ എൽ3/171/2022/ഉ.വി.വ കത്ത്.
5. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 15.12.2023 തീയതിയിലെ ഇ.സി5/15602/23/ഡി.ടി.ഇ നം കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ ശ്രീ.ബൈജു ജി.എസ് ഫയൽ ചെയ്തിരുന്ന ഒ.എ 1012/2022 ഹർജിയിൽ പരാമർശം (1) പ്രകാരം താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

" Learned Government Pleader shall get instruction as to whether the post of Head of Section in Electronics Engineering has been identified for promotion under section 34 (2) of Right of persons with disability act 2016 and also whether any orders or rules are

issued in tune with the provisions contained therein for making promotions of differently abled candidates. Post after 3 weeks . Filling up the post of HOD in Electronics Engineering in CPT would be subject to the result of Original Application."

2. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക് കോളേജിലെ വകുപ്പ് മേധാവി തസ്തിക ഒഴിച്ചിട്ടാണ് പരാമർശം (2) പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്.

3. പരാമർശം (2) പ്രകാരമുള്ള മേൽ ഉത്തരവിനെതിരെ ശ്രീ.അജിത് കുമാർ ഫയൽ ചെയ്തിരുന്ന ഒ.എ 1722/2023 ഹർജിയിൽ പരാമർശം(3) ലെ ഇടക്കാല ഉത്തരവിൽ ഇപ്രകാരം നിർദ്ദേശിച്ചിരുന്നു.

" In case there is no stay of filling up the vacancy of HOD Electronics in CPT Vattiyoorkav, it would be open for the respondents to consider the case of the applicant against the said vacancy subject to the orders passed in OA 1012/2022. A decision shall be be taken with in period of two weeks "

4. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ ഉത്തരവിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം, തിരുവനന്തപുരം സി.പി.ടി-യിൽ വകുപ്പ് മേധാവി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ നൽകുന്നതിനു സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് പരാമർശം (4) പ്രകാരം ആവശ്യപ്പെടുകയും പരാമർശം (5) പ്രകാരം വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. പൊതുസ്ഥലംമാറ്റ ഉത്തരവിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം, തിരുവനന്തപുരം, സെൻട്രൽ പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് വിഭാഗം മേധാവി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി സ്പാർക്കിൽ നിന്നു ലഭ്യമായിട്ടുള്ള Cadre Wise -ൽ ഉയർന്ന റാങ്കിലുള്ള നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിലെ ശ്രീമതി. ഉഷാ റാണി ടി.ഒ യ്ക്ക് ടി സ്ഥാപനത്തിൽ നിയമനം നല്കുന്നതിനും അതുവഴി നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് ശ്രീ.അജിത്കുമാർ എൻ-നെയും നിയമിക്കുന്നതിനു ശിപാർശ ചെയ്തിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടറുടെ പരാമർശം (5) ശിപാർശയുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം വകുപ്പ് മേധാവി ശ്രീമതി ഉഷാ റാണി ടി.ഒ (പെൻ നം 605462) യ്ക്ക് തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് വിഭാഗം വകുപ്പ് മേധാവിയായും, പുനലൂർ സർക്കാർ പോളിടെക്നിക്കിലെ ഇലക്ട്രോണിക്സ് വിഭാഗം വകുപ്പ് മേധാവി ശ്രീ.അജിത്കുമാർ എൻ ന് (പെൻ നം. 608752) നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ശ്രീമതി ഉഷാ റാണി ടി.ഒ സ്ഥലം മാറുന്നത് വഴി ഉണ്ടാകുന്ന ഒഴിവിലേക്കും സ്ഥലമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത സ്ഥലമാറ്റം തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ ശ്രീ.ബൈജു ജി.എസ് ഫയൽ ചെയ്തിരിക്കുന്ന ഒ എ 1012/2022 ഹർജിയിലെ അന്തിമവിധിയ്ക്ക് അനുസരിച്ചായിരിക്കും. ഇപ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശം പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സജുകുമാർ എൻ

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം

ശ്രീമതി. ഉഷാ റാണി ടി.ഒ, ഇലക്ട്രോണിക്സ് വിഭാഗം വകുപ്പ് മേധാവി, സെൻട്രൽ പോളിടെക്നിക്ക് കോളേജ്, തിരുവനന്തപുരം.

ശ്രീ. അജിത്കുമാർ എൻ ഇലക്ട്രോണിക്സ് വിഭാഗം വകുപ്പ് മേധാവി, പുനലൂർ സർക്കാർ പോളിടെക്നിക്ക് കോളേജ്, കൊല്ലം .

പ്രിൻസിപ്പാൾ സർക്കാർ പോളിടെക്നിക്ക് കോളേജ്, പുനലൂർ ,കൊല്ലം .

പ്രിൻസിപ്പൽ , സെൻട്രൽപോളിടെക്നിക്ക് കോളേജ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, കോട്ടയം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ്&ന്യൂമീഡിയ)

www.highereducation.kerala.gov.in

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha Lekshmi G
Date: 19-01-2024 16:56:42